## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1178 06.02.2020-ൽ മറുപടിക്ക്

### കല്ല്യാശ്ശേരി മണ്ഡലത്തിലെ തീരദേശ ഹൈവേ പ്രോജക്ട്

**ചോദ്യം**

**ശ്രീ.ടി.വി.രാജേഷ്**

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ ഹൈ വേ പ്രോജക്ടുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പ്രോജക്ടുമായി ബന്ധ പ്പെട്ട് മണ്ഡലത്തിൽ വരുന്ന പാലങ്ങളുടെ ഇൻവെസ്റ്റി ഗേഷൻ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**മറുപടി**

**ശ്രീ. ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) തീരദേശ ഹൈവേ കല്ല്യാശ്ശേരി മണ്ഡലത്തിൽ മാട്ടൂൽ സൗത്ത് മുതൽ ഓലക്കീൽ പാലം വരെ 10.775 കി.മീ ആണ്. ഇതിൽ റോഡിന്റെയും രണ്ട് പാലങ്ങളുടെയും (നീരൊഴുക്കുംചാൽ , ഓലക്കീൽ കടവ്) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. ഈ പാലങ്ങളുടെ ഡിസൈൻ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഴീക്കൽ - മാട്ടൂൽ സൗത്ത് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പുരോഗമിക്കുന്നു. കിഫ്ബിയുടെ നേതൃത്വത്തിൽ ഡ്രോൺ സർവ്വെ ചെയ്ത് സെന്റർലൈൻ മാർക്ക് ചെയ്യുതിനു ശേഷം ഡി.പി.ആർ തയ്യാറാക്കുന്നതും തുടർന്ന് ഭരണാനുമതിക്ക് സമർപ്പിക്കുന്നതുമാണ്.

(ബി) അഴീക്കൽ - മാട്ടൂൽ സൗത്ത്, നീരൊഴുക്കുംചാൽ, ഓലക്കീൽ എന്നീ മൂന്ന് പാലങ്ങളാണുള്ളത്. ഇതിൽ നീരൊഴുക്കുംചാൽ, ഓലക്കീൽ എന്നീ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. അഴീക്കൽ - മാട്ടൂൽ സൗത്ത് പാലത്തിന്റെ കരയിലെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. അഴിഭാഗത്ത് തിരയുടെ ശക്തി കൂടുതലായതിനാൽ ബോറിംഗ് നടത്താൻ പറ്റാത്ത അവസ്ഥ നിലനിന്നിരുന്നു. കപ്പലുകൾ പ്രവേശിക്കുന്നതിന് പാലത്തിന്റെ ഹൊറിസോണ്ടൽ ക്ലിയറൻസ് 75 മീറ്ററും വെർട്ടിക്കൽ ക്ലിയറൻസ് 35 മീറ്ററും ആവശ്യമാണെന്ന് സ്റ്റീൽ ഇൻഡസ്ട്രിയൽ, പോർട്ട് ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പാലത്തിന്റെ സ്പാനിൽ മാറ്റം വരുത്തി അഴിഭാഗത്തെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിക്കേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ